# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ 3673** **10.04.2013 ൽ മറുപടിക്ക്**

## ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം

| | ചോദ്യം<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. പാലോട് രവി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ. മുരളീധരൻ | | ഉത്തരം<br>ഡോ. എം.കെ.മുനീർ<br>ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും<br>വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | പഞ്ചായത്തുകളിൽ കമ്പ്യൂട്ടർ വൽകൃത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാൻ പദ്ധതി രൂപവല്ക്കരിച്ചിട്ടുണ്ടോ ;<br>വിശദമാക്കുമോ; | എ) | കേരളത്തിലെ ത്രിതല പഞ്ചായത്തുകളിൽ , കമ്പ്യൂട്ടർവത്കൃതവും, അക്രുവൽ അടിസ്ഥാനത്തിലുള്ളതുമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം 23.12.2010 ലെ സ.ഉ.(എം.എസ്.) നം.308/2010/തസ്വഭവ നം. പ്രകാരം നടപ്പാക്കിയിട്ടുണ്ട്. ഈ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ 28.03.2011 ലെ സ.ഉ.(എം.എസ്.) നം.83/11/തസ്വഭവ (SRO No. 266/2011) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ 14 ഗ്രാമ പഞ്ചായത്തുകളിലൊഴികെ എല്ലാ പഞ്ചായത്തുകളിലും ഈ സമ്പ്രദായം നിലവിൽ വന്നു കഴിഞ്ഞു. |
| ബി) | ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | പഞ്ചായത്തുകളിലെ കണക്ക് സൂക്ഷിപ്പ് കൂടുതൽ കൃത്യതയാർന്നതും സുതാര്യവുമാക്കുക, പഞ്ചായത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ എപ്പോൾ വേണമെങ്കിലും ലഭ്യമാക്കുവാൻ കഴിയുക. ഈ വിവരങ്ങൾ സാമ്പത്തികവും ഭരണപരവുമായ തീരുമാനങ്ങളെടുക്കുന്നതിന് പഞ്ചായത്തിനും സർക്കാരിനും സഹായകരമാകുക എന്നിവയാണ് ഈ സമ്പ്രദായം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഇതിനായി 'സാംഖ്യ' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്വെയറാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതുമൂലം, മാന്വലായി ചെയ്യുമ്പോഴുണ്ടാകുന്ന എല്ലാ പോരായ്മകളും പരിഹരിക്കുവാനും എല്ലാ തലങ്ങളിലുമുള്ള ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും |

| | | | |
|---|---|---|---|
| | | | വളരെവേഗത്തിൽ കൃത്യമായ വിവരശേഖരണം നടത്തുവാനും സാധിക്കുന്നു. |
| സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത് ; വിശദമാക്കുമോ; | സി) | ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഐ.കെ.എം. വികസിപ്പിച്ച 'സാംഖ്യ' സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിൽ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കുന്നതും പഞ്ചായത്തുകൾക്ക് ആവശ്യമായ സാങ്കേതിക വിദഗ്ധരെ നല്കുന്നതും ഇൻഫർമേഷൻ കേരള മിഷൻ ആണ്. പരിശീലനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നത് കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) എന്ന സ്ഥാപനമാണ്. |
| ഡി) | പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഡി) | പുതിയ സംവിധാനം ഫലപ്രദമായി നടപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകളിൽ ഒരു അക്കൗണ്ടന്റ് തസ്തിക വീതം സൃഷ്ടിച്ചിട്ടുണ്ട്. എല്ലാ തലങ്ങളിലുമുള്ള ഉദ്യോഗസ്ഥർക്ക് 'സാംഖ്യ' യിൽ പരിശീലനം നല്കിയിട്ടുണ്ട്. 'സാംഖ്യ' നടപ്പിലാക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് പണം ചെലവഴിക്കുന്നതിന് പഞ്ചായത്തുകൾക്ക് അനുവാദം നല്കിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷന്റെ കീഴിൽ സാങ്കേതിക വിദഗ്ധരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**